**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - 3 തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.എം.സുരേശൻ പ്രീ-സർവ്വീസ് ട്രെയിംനിങ് പൂർത്തിയാക്കി നിയമനം കാത്തു നിന്ന കാലയളവിലെ സർവ്വീസ് ബ്രേക്ക് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 2860/2016/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 11/10/2016.

പരാമർശം :- 1. 24.12.2014 തീയതിയിലെ സ.ഉ.(സാധാ.) നം.3441/2014/ത.സ്വ.ഭ.വ.

2. 04.05.2015 തീയതിയിലെ സ.ഉ.(സാധാ.) നം.1321/2015/ത.സ്വ.ഭ.വ.

3. ശ്രീ.എം.സുരേശൻ സമർപ്പിച്ച 09.11.2015 തീയതിയിലെ നിവേദനം.

4. നഗരകാര്യ ഡയറക്ടറുടെ 09.03.2016 തീയതിയിലെ ഇ 2-6109/15 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി നോക്കി വരവേ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - 3 തസ്തികയിൽ, പരാമർശം ഒന്ന് പ്രകാരം നിയമനം ലഭിച്ച ശ്രീ.എം.സുരേശൻ, താൻ പ്രീ-സർവ്വീസ് ട്രെയിംനിങ് പൂർത്തിയാക്കി നിയമനം കാത്തു നിന്ന കാലയളവിലെ സർവ്വീസ് ബ്രേക്ക് ക്രമീകരിക്കണമെന്നപേക്ഷിച്ച് പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച നിവേദനം, നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. ടിയാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 1.7.2003 മുതൽ ജോലി ചെയ്തു വരുന്നെന്നും പ്രസ്തുത വകുപ്പിൽ നിന്നും വിടുതൽ വാങ്ങി മുനിസിപ്പൽ സെക്രട്ടറി തസ്തികയിൽ തുടർച്ചയായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണെന്നും ടിയാന് KS&SSR Part I Rule 2(6)(e) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്നും ആയതിനാൽ 25.11.2014 മുതൽ 25.12.2014 വരെയുള്ള കാലയളവ് Note 4 below Rule 12 (7) Part I KSR പ്രകാരം ഡ്യൂട്ടിയായി ക്രമീകരിക്കണമെന്നും നിവേദനത്തിൽ അപേക്ഷിച്ചിട്ടുണ്ട് .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ സെക്രട്ടറി തസ്തികയിലെ പ്രീ-സർവ്വീസ് പരിശീലനം ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് വ്യവസ്ഥയില്ല. മുനിസിപ്പൽ സെക്രട്ടറി തസ്തികയിലെ പ്രീ-സർവ്വീസ് പരിശീലനം കഴിഞ്ഞ് പ്രസ്തുത തസ്തികയിൽ ചുമതലയേൽക്കുന്ന തീയതി മുതൽക്ക് മാത്രമേ ജീവനക്കാരൻ ടി തസ്തികയുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിച്ചു തുടങ്ങുന്നുള്ളൂ. ആയതിനാൽ തസ്തികയിൽ ചുമതലയേൽക്കുന്ന തീയതി മുതൽക്ക് മാത്രമേ ടി തസ്തികയുമായി ബന്ധപ്പെട്ട സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ

ശ്രീ.എം.സുരേശൻ മുനിസിപ്പൽ സെക്രട്ടറി തസ്തികയിലെ പ്രീ-സർവ്വീസ് പരിശീലനം കഴിഞ്ഞ് പ്രസ്തുത തസ്തികയിൽ ചുമതലയേൽക്കുന്ന തീയതി വരെയുള്ള ഇടവേള ഡ്യൂട്ടിയായി ക്രമീകരിക്കാൻ നിർവ്വാഹമില്ല.

3. മേൽ സാഹചര്യത്തിൽ, ശ്രീ.എം.സുരേശൻ മുനിസിപ്പൽ സെക്രട്ടറി തസ്തികയിലെ പ്രീ-സർവ്വീസ് പരിശീലനം കഴിഞ്ഞ് പ്രസ്തുത തസ്തികയിൽ ചുമതലയേൽക്കുന്ന തീയതി വരെയുള്ള കാലയളവ് ശമ്പളത്തിനോ സ്റ്റൈപ്പന്റിനോ അർഹതയില്ലാതെ പ്രീ-സർവ്വീസ് പരിശീലനത്തിന്റെ ദീർഘിപ്പിക്കലായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അബുൽകലാം.എം
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീ.എം.സുരേശൻ, സെക്രട്ടറി, മട്ടന്നൂർ നഗരസഭ.
ധനകാര്യ വകുപ്പ് ( 08.06.2016 തീയതിയിലെ ഡെവ-1/146/2016/ഫിൻ പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി. )
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.